മിസ്റ്റർ എം. കെ. തോമക്കുട്ടി: വിദ്യാർത്ഥികൾ നിരാഹാരവ്രതമവസാനിപ്പിച്ചതു് അവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചതിനുശേഷമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനെപ്പറ്റി ഗവൺമെണ്ടിനറിവില്ല. അതു അവരോടുതന്നെ ചോദിച്ചാലെ അറിയുവാൻ സാധിക്കുകയുള്ളൂ.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതു അവസാനിപ്പിക്കാൻ ഗവൺമെണ്ടിടപെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വിദ്യാർത്ഥികളാണു ഇതിനപേക്ഷിയ്ക്കേണ്ടതു്. മദ്രാസ്സ്യൂണിഴേവ്സിറ്റിയുമായിയ്ക്കേണ്ട വിഷയമാണിതു് ഇതു ഗവൺമെണ്ടു പ്രസ്സനോട്ടവഴിയും മറ്റും വിശദീകരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഗവൺമെണ്ടിന്റെ അറിവോടുകൂടി പ്രജാമണ്ഡലംപാർട്ടിയിൽനിന്നു മിസ്റ്റർ കെ. പി. മാധവൻനായരും പ്രജാമണ്ഡലം കൌൺസിൽപാർട്ടി ഡപ്യൂട്ടിലീഡർ മിസ്റ്റർ പുത്തൂർ അച്യുതമേനവനുംകൂടി ഒരു കരാർ കൊടുത്തുവെന്നു പറഞ്ഞു കേൾക്കുന്നതു ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമോനോൻ: അല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അവർ എന്തെങ്കിലും മദ്ധ്യസ്ഥതപറഞ്ഞിട്ടുണ്ടോ?

മസ്റ്റർ പി. ഗോവിന്ദമേനോൻ: അവർ ചില ഉപദേശങ്ങൾ കൊടുത്തിട്ടുണ്ടു്.

Mr. K. Balakrishna Menon *(Cheruthuruthi)*: We want to know whether that is a fact or not.

Mr. P. Govinda Menon *(Prime Minister)*: No. It is not a fact.

Mr. K. Balakrishna Menon *(Cheruthuruthi)*: That is to say that Mr. Achyuta Menon and Mr. Madhavan Nayar have not undertaken. Has it come to the knowledge of the Government, Sir, what are the terms thereof?

Mr. P. Govinda Menon *(Prime Minister)*: No, Sir.

15. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

ആഗസ്റ്റ് ൧൪-ം, ൧൫-ം തിയ്യതികളിൽ മഹാരാജാസ് കോളേജിലുണ്ടായ കുഴപ്പങ്ങളും ബഹളങ്ങളും ബഹിഷ്കരണങ്ങളും സംബന്ധിച്ചു ഗവൺമെണ്ടു കോളേജു പ്രിൻസിപ്പാളിനു് അയച്ചിട്ടുള്ള കല്പനകളും അനുബന്ധമായി ചേർക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

പോലീസ് അന്വേഷണത്തിലിരിക്കുന്ന പല സംഗതികളും ഉള്ളതിനാൽ അതിനു നിവർത്തിയില്ല.

16. മിസ്റ്റർ കെ. എ. രാഘവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) മഹാരാജാസ് കോളേജിൽ നാട്ടിയിരുന്ന കൊച്ചിപതാക കുറെ വിദ്യാർത്ഥികൾ താഴെ വലിച്ചിറക്കി പിച്ചിച്ചീന്തി കുഴിച്ചിട്ടു എന്നു കേൾക്കുന്നതു ശരിയാണോ;

(ബി) ഇതിനെപ്പറ്റി പ്രിൻസിപ്പാളിന്റെ റിപ്പോർട്ടു ഗവൺമെണ്ടിലേക്കു കിട്ടിയുണ്ടായോ;

(സി) കൊച്ചിയുടെ ദേശീയ പതാകയെ അപമാനിച്ചവരുടെ പേരിൽ വല്ല നടപടിയും നടത്തുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) (ബി) (സി) ഈ സംഭവങ്ങളും മറ്റും അന്വേഷണത്തിലിരിക്കുന്നതുകൊണ്ടു് ഇതിനെപ്പറ്റി ഇപ്പോൾ പ്രതിപാദിക്കുന്നതു ശരിയല്ല.

മിസ്സിസ്സ് കെ. എം. ജോർ മേനോൻ: പോലീസ് അന്വേഷണം എന്നേയ്ക്കുകഴിയും?

റാവുബഹദൂർ. ടി. കെ. നായർ: കൃത്യമായി പറയുവാൻ സാദ്ധ്യമല്ല, വളരെവേഗത്തിൽ കഴിയ്ക്കും.

മിസ്സിസ്സ് കെ. എം. ജോർ. മേനോൻ: ഇതു സ്റ്റുഡൻസിന്റെ കാര്യമായതുകൊണ്ടു് താമസംവന്നാൽ വലിയവിക്ഷോഭമാകും. അതുകൊണ്ടു ചോദിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ. ടി. കെ. നായർ: ഇതുമനഃപൂർവ്വം താമസിപ്പിക്കുകയല്ല ചെയ്യുന്നതു്. ഇതിനെസംബന്ധിച്ചു ചില ഇൻവെസ്റ്റിഗേഷൻസ് നടത്താനുണ്ടു്. അതുകൊണ്ടുവരുന്ന താമസമാണു്.

Mr. S. P. Luiz *(Nominated)*: Is it a fact that some representatives were sent to Madras?

Mr. P. Govinda Menon *(Prime Minister)*: The Vice Chancellor of the Madras University called the Principal of the Maharaja's College and the two senior Professors, Mr. N. R. Ramachandra Ayyar and Dr. K. N. Menon—to get a clarification about the incidents.

Mr. S. P. Luiz *(Nominated)*: Were the students also sent?

Mr. P. Govinda Menon *(Prime Minister)*: The Syndicate has addressed the students through the Principal of the Maharaja's College to say what they have to say before 14th October, that is before today.

Mr. S. P. Luiz *(Nominated)*: Have they been called up to Madras to personally explain matters?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവർക്കു അറിയിക്കുവാനുള്ളതു് രേഖാമൂലംഎഴുതി അയയ്ക്കാൻ പറഞ്ഞിട്ടുണ്ടു്. അതു ഒക്ടോബർ ൧൪-ാംനു-യ്കുകം അയക്കണമെന്നാണു പറഞ്ഞിട്ടുള്ളതു്. ഒക്ടോബർ ൧൫ ാംനു-സിൻറിക്കേറ്റുകൂടുമ്പോൾ ഇതിനെപ്പറ്റി ആലോചിക്കാൻവേണ്ടിയാണു ൧൪–ാംനു-യ്കുകംതന്നെ അയക്കണമെന്നുപറഞ്ഞിട്ടുള്ളതു്.

മിസ്റ്റർ പറമ്പിലോനപ്പൻ: പോലീസ്സ് അനേഷണത്തിൽ പലസംഗതികളും ഇരിക്കുന്നതുകൊണ്ടു ഗവണ്മെണ്ടിൽനിന്നു പ്രിൻസിപ്പാളിനയച്ചു മാർഡർകാണിയ്ക്കാൻ എന്താണു് വിരോധം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടിൽനിന്നും കല്പനയൊന്നും അയച്ചിട്ടില്ല. മാർഡർ റാറ്റിഫൈ ചെയ്യുകയാണുണ്ടായതു്.

മിസ്റ്റർ പി. കുമാരനെഴത്തുശ്ശൻ: വിദ്യാർത്ഥികളുടെ ബഹിഷ്കരണത്തെസംബന്ധിച്ചു അതായതു കോളേജിൽനിന്നും ൧൭ വിദ്യാർത്ഥികളെ എക്സ്പെൽ ചെയ്തതിനെ സംബന്ധിച്ചു എ. ജി. മേനോൻ എന്നൊരാൾ അയച്ച ഓപ്പൺലറ്റർ പ്രധാനമന്ത്രിയുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തുശ്ശൻ: അങ്ങിനെ ഒരു ലറ്റർ ൧൫ നു ചൊവ്വാഴ്ച ൧൬ാംനു-യിലെ പ്രജാമിത്രത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുള്ളതായി പ്രധാനമന്ത്രിയുടെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രജാമിത്രത്തിൽ അങ്ങിനെ ഒരാളുടെ എഴുത്തു പ്രസിദ്ധപ്പെടുത്തീട്ടുള്ളതായി കണ്ടിട്ടില്ല. എന്നാൽ കെ. ജി. മേനോൻ എന്നൊരാൾ ഇങ്ങിനെ ഒരെഴുത്തു അയച്ചിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തുശ്ശൻ: കെ. ജി. മേനോൻ എഴുതീട്ടുള്ള ഓപ്പൺലറ്ററിൽ അങ്ങയെ സംബന്ധിച്ചു ചില ആരോപണങ്ങളും ചെയ്തിട്ടുണ്ടു്. അതായതു ആസ്സ്, ൧൪-ാംനു-യ്യുണിയൻ ഫ്ളാഗുനാട്ടുന്നതിനു അങ്ങയുടെ അനുമതിയുണ്ടായിരുന്നു. അതിനു തടസ്സമായിനിൽക്കുന്ന ആളുകളും ഭീഷണിയായാലും അവരെ പ്രോസിക്യൂട്ടുചെയ്യും എന്നെല്ലാം അങ്ങു പറഞ്ഞുഎന്നുള്ള ആരോപണങ്ങളും അതിൽഉണ്ടു്. അതു ശരിയാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഫ്ളാഗുനാട്ടുന്നതിനു ഭീഷണി അനുമതിനിഷേധിച്ചിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തുശ്ശൻ: ഞങ്ങളുടെ പ്രധാനമന്ത്രി പ്രജാമണ്ഡലം ആപ്പീസിൽപോയി അവിടെവച്ചുനടന്ന സ്റ്റുഡൻസിന്റെ ആക്ഷൻ കമ്മിറ്റിയിൽവച്ചു ആസ്സ് ൧൪-ാംനു-ഫ്ളാഗുനാട്ടുന്നതിനു യാതൊരുവിരോധവുമില്ലായെന്നു പറഞ്ഞുഎന്നും മറ്റുമുള്ള ആരോപണങ്ങളും ശരിയാണോ എന്നാണുചോദിക്കുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആരോപണങ്ങളും എന്തൊക്കെയായാലും ഫ്ളാഗുനാട്ടുന്നതിനു വിരോധമില്ലെന്നു ഞാൻ ആദ്യമേ പറഞ്ഞിട്ടുള്ളതാണു്.

മിസ്റ്റർ പി. കുമാരനെഴത്തുശ്ശൻ: ആസ്സ് ൧൪— ൧൪ തീയതികളിലെ ആഘോഷങ്ങളെസംബന്ധിച്ചു പ്രജാമണ്ഡലം പ്രസിദ്ധപ്പെടുത്തീട്ടുള്ള ലഘുലേഖയി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kumaran Ezhuthassan]

ൽ നിർദ്ദേശിച്ചിരിക്കുന്നതു നാക്കനൽഫ"ളാശല്ലാതെ മറെയാതൊരു ഫ"ളാഗും അനുയത്താൻ പാടില്ലായെന്നുള്ളതാണ". ഇതു അങ്ങയുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആഗസ്റ്റ് ഫ ൪—ാംനു-ഫ"ളാഗുനാട്ടീട്ടില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എന്റെ ചോദ്യത്തിനുള്ള ഉത്തരമല്ല അതു". മിസ്റ്റർ ഇക്കണ്ടവാരിയർ പ്രജാമണ്ഡലംപ്രസിഡണ്ടു" എന്നനിലയിൽ പ്രസിദ്ധീകരണംചെയ്തു മുൻപറഞ്ഞകാര്യം വാസ"തവമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ പറമ്പിലോനപ്പൻ: കൊച്ചിയുടെ ദേശീയപതാകയെ ഒരുരൂപത്തിലും അപമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നലെ ഇങ്ങിനെയുള്ള ഒരു ചോദ്യത്തിനു മറുപടി പറഞ്ഞുവല്ലോ? ഇത്തരം ഒന്നു ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടെന്നു.

മിസ്റ്റർ പറമ്പിലോനപ്പൻ: അതിനെസംബന്ധിച്ചു വല്ലകേസുമുണ്ടോ? ഇൻവെസ്റ്റിഗേഷൻ നടത്തുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ".

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: പ്രധാനമന്ത്രി" പച്ചക്കള്ളംപറയുന്നു ഇതിനൊരു തിരിച്ചില്ലേ എന്നതലക്കെട്ടിൽ ഒരു ലഘുലേഖ ഇവിടെ വിതരണംചെയ്തു അങ്ങു കാണുകയുണ്ടായോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ".

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അതിൽപറയുന്നകാര്യങ്ങൾ വാസ്തവമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നിങ്ങൾചോദിച്ചചോദ്യത്തിനുള്ള മറുപടിയല്ലേ അതിൽകൊടുത്തിട്ടുള്ളതു" അതുകൊണ്ടു" അതിൽ പറഞ്ഞിരിക്കുന്നതു വാസ്തവമാണോ അല്ലയോ എന്നുള്ളതു നിങ്ങൾക്കറിയരുതേ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഞാൻചോദിച്ച ചോദ്യത്തിനു നിങ്ങൾ പറഞ്ഞ മറുപടി കളവാണെന്നു സ്ഥാപിയ്ക്കാൻ അതിൽ ചിലസംഗതികൾ പറഞ്ഞിട്ടുണ്ടു". അതു സത്യമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സത്യമല്ല.

Mr. President: Order, I thought the Hon'ble Member passed on a paper to the Hon'ble Prime Minister with a question.

ADVERTISEMENT IN "HINDU", "INDIAN EXPRESS" ETC—DETAILS REGARDING

17. മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ആഗസ്റ്റ് ഫ ൪-ാംനു-യിലെ "ഇൻഡ്യൻ എക്സ്പ്രസ്സ്"" "ഹിൻഡു" "മെയിൽ" എന്നീ പത്രങ്ങൾക്കു ഗവണ്മെണ്ടു വല്ലപരസ്യങ്ങളും കൊടുത്തിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഈ പരസ്യം എന്തായിരുന്നു;

(സി) ഓരോ പത്രത്തിനും നൽകിയ പരസ്യക്കൂലി എത്ര"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ".

(ബി) "Visit Cochin" എന്ന ചിത്രങ്ങളോടു കൂടിയ പരസ്യമായിരുന്നു.

(സി) *i.* ഇൻഡ്യൻ എക്സ്പ്രസ്സ് ക. ൭ ൦ ൦— ൦— ൦.
ii. മെയിൽ ക. ൪ ൪ ൦— ൦— ൦.
iii. ഹിന്ദു ക. ൪ ൫ ൯— ൧൨— ൦.

ACCOMMODATION FOR REFUGEES

18. **Mr.M. O. Thomakutty** *(Commerce and Industry)*: Will Government be pleased to state.—

(a) has the Government agreed to accommodate in the State refugees from north India

(b) if so, what is the number of refugees received here;

LIBRARY ARCHIVES Kerala Legislative Assembly